**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2994** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഇറച്ചിക്കോഴി വില നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇറച്ചിക്കോഴി വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | 'കേരള ചിക്കൻ' പദ്ധതി നടപ്പിലാക്കുന്നത് വഴി ഇറച്ചിക്കോഴി വളർത്തൽ മേഖലയിൽ സർക്കാർ ശക്തമായി ഇടപെടുകയും കർഷകർക്ക് നല്ല വരുമാനമാർഗ്ഗവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ ഉറപ്പാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെയും ,കോഴിയിറച്ചിയുടെയും വില നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരവും കോൺട്രാക്റ്റ് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുകയാണ് കെപ്‌കോ ചെയ്യുന്നത്. കെപ്‌കോയുടെ അധീനതയിലുള്ള തിരുവനന്തപുരം കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപാദിപ്പിക്കുന്ന വെൻകോബ് 400ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ കോൺട്രാക്റ്റ് യൂണിറ്റുകൾക്കും ആവശ്യക്കാരായ മറ്റ് കർഷകർക്കും മിതമായ നിരക്കിൽ നൽകി 40-45 ദിവസം വരെ പ്രായമാകുമ്പോൾ തിരിച്ചെടുത്ത് കെപ്‌കോയുടെ പ്ലാൻറിൽ പ്രോസസ് ചെയ്ത് കോഴിയിറച്ചിയാക്കി കെപ്‌കോയുടെ വിപണന ഏജൻസികൾ മുഖാന്തിരം ഉപഭോക്താക്കൾക്ക് നൽകുന്നു. പൊതു കമ്പോളത്തിൽ കോഴിയിറച്ചി കിലോയ്ക്ക് 240-250 രൂപ വിലയ്ക്ക് വിൽക്കുമ്പോൾ കെപ്‌കോ കോഴിയിറച്ചി കിലോയ്ക്ക് 200 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം, കോൺട്രാക്റ്റ് ഫാമിംഗ് സംസ്ഥാനത്ത് വ്യാപകമാക്കി ഉത്പാദനം വർദ്ധിപ്പിച്ച് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാനുള്ള ശ്രമവും കെപ്‌കോ നടത്തിവരുന്നുണ്ട്. |
| (ബി) | മിതമായ വിലയിൽ ഗുണനിലവാരമുള്ള | (ബി) | ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ |

| | | | |
|---|---|---|---|
| | ഇറച്ചിക്കോഴികൾ വിതരണം ചെയ്യുന്നതിന് സർക്കാർ ഏജൻസികളെ ഏതുരീതിയിൽ പ്രാപ്തരാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഉദ്ദേശിക്കുന്ന കേരള ചിക്കൻ പദ്ധതിയിൽ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം കുടുംബശ്രീക്ക് 1600 ബ്രോയിലർ ഫാമുകൾക്കും KSPDC യ്ക്ക് 200 ബ്രോയിലർ ഫാമുകൾക്കും 50,000/- രൂപ വീതവും കുടുംബശ്രീക്ക് 240 വിപണന കേന്ദ്രങ്ങൾക്ക് 25,000/- രൂപവീതവും ഫണ്ട് കേരള ചിക്കൻ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ KSPDCയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും മേൽത്തരം ഇറച്ചിക്കോഴി വർഗ്ഗമായ വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴി- കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ഇപ്പോൾ വർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന സ്ഥാനത്ത് പുതിയ ഷെഡ്ഡുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതോടെ പ്രതിവർഷം 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുവാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ